(ഇ) റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നല്കുന്ന മുറയ്ക്ക് പണി പുനരാരംഭിക്കുവാൻ കഴിയും.

മനയ്ക്കൽ ചിറ പാലത്തിന്റെ താഴെയുള്ള തോട് ജലഗതാഗതത്തിന് തുറന്നു കൊടുക്കാൻ നടപടി

52(955) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി-ആലപ്പുഴ റോഡിലെ മനയ്ക്കൽ ചിറ പാലത്തിന്റെ താഴെയുള്ള തോട് ജലഗതാഗതത്തിനായി തുറന്നുകൊടുക്കാതിരിക്കാൻ കാരണം എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പാലത്തിന്റെ പണി പൂർത്തിയായതിനാൽ തോടിന്റെ ബണ്ട് മുറിച്ച് ജല നിർഗമനം സുഗമമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പ്രസ്തുത പാലത്തിന്റെ പണി പൊതുമരാമത്ത് വകുപ്പാണ് ഏറ്റെടുത്ത് നടത്തിവരുന്നത്. പാലം പണിയോടനുബന്ധിച്ച് പൊതുമരാമത്ത് വകുപ്പധികൃതർ തോടിൽ ബണ്ട് നീക്കം ചെയ്തെങ്കിൽ മാത്രമേ ജലനിർഗമനം സുഗമമാകുകയുള്ളു.

കുമ്പഴ പാലത്തിന്റെ താഴെ ബണ്ട് നിർമ്മിക്കാൻ നടപടി

53(956) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ കുമ്പഴ പാലത്തിന്റെ താഴെഭാഗം കരയിടിയുന്നത് തടയാനായി ബണ്ട് നിർമ്മിക്കാനുള്ള നടപടി എന്നാണ് ആരംഭിച്ചത് ;

(ബി) ഇതിനുള്ള ടെൻഡർ എന്നാണ് ക്ഷണിച്ചത്. അതിൻപ്രകാരം സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(സി) ടെൻഡർ ഉറപ്പിച്ചതിനുശേഷം കൂടുതൽ കര ഇടിഞ്ഞു പോയിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് പാലത്തിന് ഭീഷണിയാണോ ;

(ഇ) അച്ചൻകോവിലാർ കവിഞ്ഞൊഴുകുമ്പോൾ കൂടുതൽ കര ഇടിഞ്ഞ് പാലത്തിന് ഭീഷണിയാകാതിരിക്കാൻ ഈ ഭാഗം കെട്ടി സംരക്ഷിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഈ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ടെൻഡർ ക്ഷണിച്ചത് 25-04-1997-ൽ ആണ്. ഈ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് നിരക്കിൽനിന്നും 49%

LIBRARY ARCHIVES Kerala Legislative Assembly